QP CODE

C1096

Enrollment Number: .....

Name: .....

B.A DEGREE EXAMINATIONS, AUGUST 2025
Sixth Semester
B.A. Malayalam Language and Literature
B21ML06DC – മലയാളനോവൽ
(2022 Admissions)

Time: 3 Hours **Max Marks: 70**

Section A

ഏതെങ്കിലും പത്തു ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.

1. നോവൽ സാഹിത്യം എന്ന കൃതി രചിച്ചതാര്?
2. 'പുല്ലേലി കുഞ്ചു' എന്ന ആദ്യകാല നോവലിന്റെ കർത്താവാര്?
3. 'കേരളത്തിലെ നമ്പൂതിരി നായർ ബാന്ധവത്തിന്റെ ശവക്കുഴി തോണ്ടിയത് ഇന്ദുലേഖയാണ്' എന്ന് അഭിപ്രായപ്പെട്ടത് ആര്?
4. മലയാളത്തിലെ 'ആന്റി നോവൽ' എന്ന് പ്രകീർത്തിക്കപ്പെട്ട ബഷീറിന്റെ കൃതി ഏത്?
5. 'ഘാതകവധ'ത്തിന് ആധാരമായ കൃതിയേത്?
6. 'നാലുകെട്ടി'ലെ നായക കഥാപാത്രത്തിന്റെ പേരെന്ത്?
7. കല കലയ്ക്കു വേണ്ടിയല്ല ജീവിതത്തിനു വേണ്ടിയാണ് എന്ന് പറഞ്ഞ പ്രസ്ഥാനം ഏത്?
8. 'മാടൻ മോക്ഷം' എന്ന നോവൽ എഴുതിയതാര്?
9. 'ഏകാന്ത വീഥിയിലെ അവധൂ തൻ' എന്ന് ബഷീറിനെ വിശേഷിപ്പിച്ചതാര്?
10. പാണ്ഡവപുരം നോവലിലെ കേന്ദ്ര കഥാപാത്രം ആര്?
11. ദാസൻ ഗുരു തുല്യനായി കാണുന്നതാരെ?
12. 'തള്ളേളങ്ങള് മറക്കരുത് അതിന് ങ്ങളല്ലാണ്ട് ആർ'അപ്പുണ്ണിയോട് ഇപ്രകാരം പറയുന്നതാര്?
13. എംടിയുടെ ആദ്യത്തെ നോവൽ ഏത്?

14. കൊക്കാഞ്ചിറയിൽ നിന്നു വരുന്ന കുട്ടികളെ അധ്യാപികമാർ ഏത് പേരിലാണ് വിളിക്കുന്നത്?
15. ദലിത് സാഹിത്യ പ്രസ്ഥാനം ആരംഭിച്ച ഭാഷ?

(1X10=10)

Section B

ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം.

16. കഥാപാത്രങ്ങളുടെ സൂക്ഷ്മമായ മാനസിക ഭാവങ്ങളെ ആവിഷ്കരിക്കുന്നതിൽ എം.ടി.ക്കുള്ള കഴിവ് അപ്പുണ്ണി എന്ന കഥാപാത്രത്തെ അടിസ്ഥാനമാക്കി വിവരിക്കുക.
17. ദലിത് സാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
18. ആലാഹയുടെ പെൺമക്കൾ എന്ന നോവലിന്റെ രാഷ്ട്രീയ പശ്ചാത്തലം വിവരിക്കുക.
19. ആധുനികതയുടെ സവിശേഷതകൾ എന്തെല്ലാം?
20. 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' അവതരിപ്പിക്കുന്ന മിത്തുകളെ പരിചയപ്പെടുത്തുക.
21. 'അലാഹയുടെ പെൺമക്കളി'ലെ ഭാഷാരീതിയുടെ സവിശേഷ തകൾ എന്തെല്ലാം?
22. ഫ്രഞ്ച് അധിനിവേശം മയ്യഴിയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?
23. നോവൽ എന്ന പദത്തിന്റെ വിവിധ നിർവചനങ്ങൾ എഴുതുക.
24. നർമ്മരസികത തുളുമ്പുന്ന ആഖ്യാനം ബഷീറിന്റെ സവിശേഷതയാണ്. പാത്തുമ്മയുടെ ആടിലെ ഇത്തരം രണ്ട് സന്ദർഭങ്ങൾ എഴുതുക.
25. ആദ്യകാല മലയാള നോവലുകളുടെ സവിശേഷതകൾ എന്തെല്ലാം?

(2X5=10)

Section C

ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ചു മാർക്ക് വീതം.

QP CODE
C1096

26. നൂറുസിംഹാസനങ്ങൾ എന്ന നോവലിന്റെ പ്രമേയപരമായ സവിശേഷതകൾ വിശകലനം ചെയ്യുക.
27. 'സമസ്ത ചിന്തകളെയും അനുഭവങ്ങളെയും വികാരങ്ങളാക്കി, ഉരുക്കിയെടുത്ത് അനുവാചക ഹൃദയങ്ങളിൽ ലയിപ്പിക്കുന്ന സവിശേഷമായ ഒരു രാസവിദ്യ എം.ടി.യുടെ സാഹിത്യത്തിൽ ഉണ്ട്. നാലുകെട്ടിനെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാംഗത്യം വിശദീകരിക്കുക.
28. ചരിത്രം,മിത്ത് ,യാഥാർത്ഥ്യം എന്നിവ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെങ്ങനെ?വിശദമാക്കുക.
29. പാണ്ഡവപുരം എന്ന നോവൽ സ്ത്രീയുടെ ലൈംഗികസ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ തെളിവാണ്. വിശദീകരിക്കുക.
30. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തിന്റെ പ്രസക്തി എന്ത്? വിശദമാക്കുക.
31. നവോത്ഥാനകാല നോവലിന്റെ സവിശേഷതകൾ വിവരിക്കുക.
32. സ്ത്രീ ജീവിതത്തിന്റെ സങ്കീർണതകളെ ബഷീർ 'പാത്തുമ്മായുടെ ആടി'ൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?
33. മലയാളത്തിലെ ആദ്യകാല നോവൽ രൂപങ്ങളായ ഘാതക വധം മുതൽ കുന്ദലത വരെയുള്ള കൃതികൾക്ക് നോവൽ എന്ന നിലയിൽ പൂർണമായ അംഗീകാരം ലഭിക്കാതെ പോയതിന്റെ കാരണങ്ങൾ എന്തെല്ലാം?
34. എം ടി യുടെ രചനാശൈലി നാലുകെട്ടിനെ ആസ്പദമാക്കി വിവരിക്കുക.
35. കഥാപാത്രനിരൂപണം ചെയ്യുക- സൂരി നമ്പൂതിരിപ്പാട്
36. സ്വത്തിനും മുതലിനും വേണ്ടി മനുഷ്യത്വം നഷ്ടപ്പെടുത്തിയ മനുഷ്യരുടെ ദുരന്തം നാലുകെട്ടിൽ ദർശിക്കാം. വിശദീകരിക്കുക.
37. സാർവജനീനമായ മനുഷ്യ സ്നേഹത്തിന്റെ വക്താവാണ് ബഷീർ. പാത്തുമ്മായുടെ ആടിനെ ആസ്പദമാക്കി വിവരിക്കുക.

(5X6=30)

Section D

ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്തു മാർക്ക് വീതം

38. മാറുന്ന കേരളീയ സാമൂഹ്യവസ്ഥയുടെ നേർചിത്രമാണ് ഇന്ദുലേഖ എന്ന നോവലിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്-വിശകലനം ചെയ്യുക.
39. ആധുനിക നോവൽ സാഹിത്യത്തിലെ നായക കഥാപാത്രങ്ങളെ എല്ലാ അർത്ഥത്തിലും പ്രതിനിധാനം ചെയ്യുന്ന കഥാപാത്രമാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിലെ ദാസൻ. പരിശോധിക്കുക.
40. പാണ്ഡവപുരം എന്ന നോവൽ ശീർഷകത്തിന്റെ സാംഗത്യം പരിശോധിക്കുക.
41. ആലാഹയുടെ പെൺമക്കൾ, നൂറുസിംഹാസനങ്ങൾ എന്നീ നോവലുകളിൽ പ്രതിഫലിക്കുന്ന സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം വിശദീകരിക്കുക.

(10X2=20)